(സി) ഈ ഇനത്തിൽ കർഷകർക്കോ സ്വയംതൊടമകൾക്കോ ധനാശ്വാസം അനുവദിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ധനസഹായം അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 8,11,891 രൂപയുടെ നാശനഷ്ടം കണക്കാക്കിയിട്ടുണ്ട്.

(സി) ആശ്വാസ ധനസഹായം വിതരണം ചെയ്യുവരുന്നു.

**പ്രകൃതിക്ഷോഭ നാശനഷ്ടപരിഹാരം**

157 (1200) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രകൃതിക്ഷോഭത്തിൽ നാശനഷ്ടങ്ങൾ സംഭവിച്ചവർക്കുള്ള നഷ്ടപരിഹാരം യഥാസമയം കൊടുത്തു തീർത്തിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്നുമുതലുള്ള തുകയാണ് കുടിശ്ശികയുള്ളത് ;

(ബി) എത്ര തുകയാണ് ഓരോ ജില്ലയിലും കുടിശ്ശികയുള്ളത് ; ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ ;

(സി) കുടിശ്ശിക തുക എന്നുമുതൽ നൽകുമെന്ന് വ്യക്തമാക്കുമോ ;

(ഡി) നഷ്ടപരിഹാരം യഥാസമയം നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആലപ്പുഴ, പത്തനംതിട്ട, കാസർഗോഡ് ജില്ലകളിൽ കൊടുത്തു തീർത്തിട്ടുണ്ട്. മറ്റ് ജില്ലകളിലെ കുടിശ്ശിക തീയതി അനുബന്ധമായി ചേർക്കുന്നു.*

(ബി) അനുബന്ധമായി ചേർക്കുന്നു.*

(സി) സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും ജില്ലാ കളക്ടർമാർക്ക് അനുവദിച്ചിട്ടുള്ള തുകയിൽ അവശേഷിക്കുന്ന തുക 31-3-2015-ന് മുമ്പ് വിതരണം ചെയ്യുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. അതിനുശേഷം കുടിശ്ശികയാകുന്ന തുക ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് മുൻഗണനാക്രമത്തിൽ കൊടുത്ത് തീർക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ഫണ്ടിന്റെ അപര്യാപ്തതയും ഗുണഭോക്താക്കൾ യഥാസമയം തുക കൈപ്പറ്റാത്തതുമാണ് വിതരണത്തിൽ കുടിശ്ശിക ഉണ്ടാക്കാൻ കാരണം.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly